(സി) ക്ഷേത്ര ജീർണ്ണോദ്ധാരണത്തിന്റെ ഭാഗമായി ചിറകളുടെയും സംരക്ഷണം ഉൾപ്പെടുത്താറുണ്ട്. ഇത്തരം അപേക്ഷകൾക്ക് മുൻഗണന നൽകി തുക അനുവദിക്കാറുണ്ട്. എന്നാൽ കുളങ്ങളുടെയും, ചിറകളുടെയും സംരക്ഷണത്തിന് മാത്രമായി പ്രത്യേക ധനസഹായം അനുവദിക്കാറില്ല.

(ഡി) ഉണ്ട്. ക്ഷേത്ര ജീർണ്ണോദ്ധാരണത്തിനായി വകയിരുത്തുന്ന മൊത്തം തുകയുടെ 10% മുതൽ 15% വരെയുള്ള തുകയാണ് സ്വകാര്യ ക്ഷേത്രങ്ങൾക്കായി അനുവദിക്കുന്നത്.

(ഇ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന് ഭരണ നിയന്ത്രണം മാത്രമേയുള്ളൂ. ഈ ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക യൂണിറ്റുകളായാണ് നിലകൊള്ളുന്നത്. ക്ഷേത്ര ഭരണം നടത്തുന്നതിനുള്ള അവകാശം ക്ഷേത്ര ട്രസ്റ്റി ബോർഡിനായതിനാൽ ആസ്തി ബാദ്ധ്യതകളുടെ സംരക്ഷണവും അവരുടെ കൈകളിലാണ്. ആസ്തി സംരക്ഷണത്തിന് ഒരു ഏകീകൃത സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്മശാനങ്ങളുടെ കുറവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

19 (*199) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്മശാനങ്ങളുടെ കുറവുമൂലം സംസ്കാരം നടത്തുന്നതിന് ചില സ്ഥലങ്ങളിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ശ്മശാന നിർമ്മിതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏത്ര പഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ശ്മശാന നിർമ്മാണത്തിന് എന്ത് തുകയാണ് അനുവദിക്കുന്നത് ; ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതക്കുറവും പ്രാദേശികമായി ഉണ്ടാകുന്ന എതിർപ്പുകളുമാണ് പൊതുശ്മശാനം സ്ഥാപിക്കുന്നതിന് തടസ്സമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1994-ലെ കേരള പഞ്ചായത്ത് ആക്ട് 88-ാം വകുപ്പ് 1-ാം ഉപവകുപ്പിന്റെ 18-ാമത് ഇനമായി ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൂടാതെ 11-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച 14-5-2007-ലെ സ.ഉ.(എം.എസ്.)നമ്പർ 128/07/തസ്വഭവ. മാർഗ്ഗ നിർദ്ദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ശ്മശാന നിർമ്മാണം ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. പൊതുശ്മശാനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും പൊതുശ്മശാനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാകളക്ടർമാരോടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നഗരകാര്യമേഖല ജോയിന്റ് ഡയറക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നുണ്ട്.

(സി) ശ്മശാന നിർമ്മാണത്തിനായി സംസ്ഥാന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. ശ്മശാന നിർമ്മാണം, ശ്മശാന നവീകരണം, സ്ഥലം വാങ്ങൽ എന്നിവയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2006-07 വർഷം നാൽപ്പത്തിയഞ്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വീതം നൽപ്പത്തിയഞ്ച് ലക്ഷം രൂപയും 2008-09 വർഷം 20 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു കോടി എഴുപത് ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. 2010-11 വർഷം 50 ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 5 കോടി രൂപ സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) 2010-11 വർഷം ശ്മശാന നിർമ്മാണത്തിനായി ഒരു ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തുക ആവശ്യമാണെങ്കിൽ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി സർക്കാരിൽനിന്നും വർഷാന്തരാർ നൽകുന്ന തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

ക്രമസമാധാനപാലന പുരോഗതി

20 (*200) ശ്രീ. സാജു പോൾ :
ശ്രീ. പി. ജയരാജൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. രാജഗോപാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമസമാധാന പാലനത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly